**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1928** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ; | (എ) | 2020-21 സാമ്പത്തിക വർഷം പീരുമേട് നിയോജക മണ്ഡലത്തിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി.<br><br>2022-23 സാമ്പത്തിക വർഷം പീരുമേട് നിയോജക മണ്ഡലത്തിലെ പീരുമേട് ബ്ലോക്ക് പഞ്ചായത്തിലെ വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതിയ്ക്കായി തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ബി) | ക്ഷീര ഗ്രാമം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.വികേന്ദ്രീകൃത വികസന മാതൃക തയ്യാറാക്കുക.<br><br>2.പഞ്ചായത്തിലെ ക്ഷീരകർഷകരുടെ ലാഭം ഇരട്ടിയാക്കുക<br><br>3.തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതിൽ നിന്നും പാലുൽപ്പാദനം വർദ്ധിപ്പിക്കുക.<br><br>4.ഹെർഡ് ഇൻഡക്ഷൻ, യന്ത്രവൽക്കരണം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിവ ഗുണഭോക്തൃ പഞ്ചായത്തുകളിൽ നടപ്പിലാക്കുക.<br><br>5.ഓരോ ഗ്രാമപഞ്ചായത്തിലും 600 ഓളം ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുക<br><br>6.തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും 84 കറവ പശുക്കളെ വാങ്ങുന്നതിന് ധനസഹായം നൽകുക<br><br>7.ഓരോ ഗുണഭോക്തൃ ഗ്രാമപഞ്ചായത്തിൽ നിന്നും 100 ഓളം ക്ഷീരകർഷകർക്ക് ക്ഷീരമേഖലയിലെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും യന്ത്രവൽക്കരിക്കുന്നതിനും ധനസഹായം നൽകുക.<br><br>8.തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തിൽ നിന്ന് 11 ക്ഷീരകർഷകർക്ക് കറവ യന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകുക.<br><br>9.തിരഞ്ഞെടുത്ത പഞ്ചായത്തിലെ 420 കർഷകർക്ക് സബ്സിഡി നിരക്കിൽ ധാതു മിശ്രിതം വാങ്ങുന്നതിന് ധനസഹായം നൽകുക |

സെക്ഷൻ ഓഫീസർ